# 31

എൻ പേർക്കായി ജീവൻ വെടിഞ്ഞ
എൻ പ്രാണപ്രിയനാകും യേശുവേ
നിൻ സ്നേഹത്തെ ഞാൻ ഓർത്തീടും നേരം
എൻ മാനസം നന്ദിയാൽ പൊങ്ങുന്നേ

1. എൻ വീണ്ടെടുപ്പിൻ വില കൊടുപ്പാൻ
നീ മാത്രമല്ലാതാരുള്ളേശുവേ
നിൻ കാരുണ്യത്തിൻ മാഹാത്മ്യത്തെ
ഞാൻ സദാകാലവും പുകഴ്ത്തീടുമേ എൻ

2. പേയിൻ ബലത്തെ തകർത്തതിനാൽ
എൻ മരണഭയം നീ നീക്കിയല്ലോ
നിൻ കാൽവറിയിൽ തിരുബലിയാൽ
സീയോൻ മാർഗ്ഗവും തുറന്നെനിക്കായ് എൻ

3. നിൻ സ്നേഹത്താൽ ഞാൻ ജ്വലിച്ചീടുവാൻ
ശുദ്ധാത്മാവിനാൽ നിറച്ചവനെ
അനുദിനവും ജയജീവിതം
നയിച്ചീടുവാൻ കൃപയരുൾക എൻ

4. പ്രിയൻ പോയതാം പാതേ പോകുവാൻ
ദിവ്യ വിളിയാൽ വിളിച്ചവനേ
ദിനം തോറും നിൻ തിരുചിറകിൽ
അടിയനെ നീ മറച്ചീടുക എൻ

5. നിൻ പേർക്കായി ജീവൻ തരുവാൻ
അത്യാശ എന്നിൽ ഏറുന്നേശുവേ
പ്രത്യാശയോടെ നിൻ പൊൻമുഖത്തെ
വീക്ഷിച്ചീടണം എന്നാശയതേ എൻ